(ബി) ബാധകമല്ല.

(സി) തെങ്ങു കൃഷിയിൽ കർഷകരും തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 2014-15 മുതൽ തെങ്ങു കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സമഗ്ര നാളികേര കൃഷി വികസന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 30 കേരഗ്രാമങ്ങളിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കൃഷിക്കാവശ്യമായ വിഭവ ശേഖരണത്തിന് 'കേരഗ്രാമം' പദ്ധതിയിൽ ആനുകൂല്യം നൽകിവരുന്നുണ്ട്. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേനകൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ, പഞ്ചായത്തുകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ കേരഗ്രാമം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തെങ്ങുകയറ്റ യന്ത്രം സബ്സിഡി നിരക്കിൽ നൽകി വരുന്നു.

തെങ്ങു കൃഷിയുടെ വിപണന മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നം നാളികേരത്തിനുണ്ടാകുന്ന വിലയിടിവാണ്. ഇതിനു പരിഹാരമായി സംസ്ഥാന സർക്കാർ പച്ച നാളികേര സംഭരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി 1-1-2013 മുതൽ ആരംഭിച്ച ടി പദ്ധതി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കി വരുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരം കേരഫെഡ് ഏറ്റെടുത്ത് കൊപ്രയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇതിനോടകം 371 കൃഷി ഭവനുകൾ വഴി 65680 ടൺ പച്ച നാളികേരം സംഭരിച്ചിട്ടുണ്ട്.

നഗരസഭകളുടെ ഭൂമിയിൽ വരുമാന വർദ്ധനവിന് പദ്ധതി

13 (*282) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഭൂമിയിൽനിന്നും വരുമാനം നേടാൻ കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) നഗരസഭകളുടെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തി പി.പി.പി. വ്യവസ്ഥയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ നഗരസഭകളിൽ ഭൂരിഭാഗവും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാൻ സാധിക്കാതെ വരുന്നതിനാൽ നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. മേൽ സാഹചര്യത്തിലാണ് നഗരസഭകളുടെ സമഗ്ര വികസനവും നികുതിയേതര വരുമാനവും ലക്ഷ്യമാക്കി വികസന പദ്ധതികൾക്ക് സ്വകാര്യ പങ്കാളിത്തം സ്വീകരിച്ചുകൊണ്ട് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാദ്ധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ് വേയിൽ വച്ച് നിക്ഷേപ സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-9-2014-ലെ 2540/2014/തസ്വഭവ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

പച്ചക്കറി വില വർദ്ധനവ്

14(*283) ഡോ. ടി. എം. തോമസ് ഐസക്:

ശ്രീ. രാജു എബ്രഹാം:

ശ്രീ. ബാബു എം. പാലിശ്ശേരി:

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വില വർദ്ധിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; പച്ചക്കറി വില അനിയന്ത്രിതമായി വർദ്ധിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) വില വർദ്ധന തടയാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(സി) പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എത്രത്തോളം വിജയിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി.

LIBRARY ARCHIVES Kerala Legislative Assembly